# വിദേശ സ്കോളർഷിപ്പുകൾ

## 2012–ലെ ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്

ഇന്ത്യക്കാരായ അദ്ധ്യാപകർ, അൻപതുശതമാനത്തോളം ക്ളാസ് റൂമുകളിൽ പ്രവൃത്തിസമയം ചെലവഴിക്കുന്ന അഡ്മിനിസ്ട്രേറ്റർമാർ, അക്കാഡമിക് കോ – ഓർഡിനേറ്റർമാർ എന്നിവർക്ക് അമേരിക്കയിൽ അദ്ധ്യാപക പരിശീലന – ഗവേഷണത്തിനുള്ള ഫുൾ ബ്രൈറ്റ് അന്താരാഷ്ട്ര സ്കോളർഷിപ്പിന് അപേക്ഷിക്കാം.

ഒരു സെമസ്റ്റർ ദൈർഘ്യമുള്ള സ്കോളർഷിപ്പ് ഏതെങ്കിലും അമേരിക്കൻ സർവകലാശാലയിലെ സ്കൂൾ ഒഫ് എഡ്യൂക്കേഷനിൽ 2012 ആഗസ്റ്റ് മുതൽ ഡിസംബർ വരെ ചെയ്യാം.

ആതിഥേയ സർവകലാശാലയിലെ അദ്ധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന എല്ലാ മേഖലകളും സ്കോളർഷിപ്പ് നേടുന്നയാൾക്ക് തുറന്നുകിട്ടും. അഡ്വാൻസ്ഡ് അണ്ടർ ഗ്രാഡ്വേറ്റ്, ഗ്രാഡ്വേറ്റ് ക്ളാസുകളിലേക്ക് എൻറോൾ ചെയ്യപ്പെടുന്ന ഇവർക്ക് പ്രാദേശിക സ്കൂളുകളിലെ ടീം- ടീച്ച് വിഭാഗത്തിലും സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുക്കാം. കോഴ്സിന്റെ അവസാനത്തോടെ പ്രവർത്തനങ്ങൾക്കു പ്രാമുഖ്യമുള്ള ഒരു ഗവേഷണ പ്രോജക്ട് തങ്ങൾക്ക് ഇഷ്ടമുള്ളപ്പോൾ തയ്യാറാക്കുകയും ചെയ്യാം. തിരിച്ചെത്തിയാൽ തങ്ങൾ നേടിയ അറിവും പരിചയവും നാട്ടിലെ അദ്ധ്യാപകരുമായും വിദ്യാർത്ഥികളുമായും പങ്കുവയ്ക്കേണ്ടതാണ്.

ഏതുവിഷയവും പഠിപ്പിക്കുന്നവർക്ക് അപേക്ഷിക്കാം. വിശദാംശങ്ങൾക്ക് www.usief.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം. അവസാന തീയതി 2011 ഒക്ടോബർ ഒന്ന്.

## യുനെസ്കോയുടെ കെയിസോ ഒബുച്ചി റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം

യുനെസ്കോയുടെ കെയിസോ ഒബുച്ചി റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ജപ്പാൻ യംഗ് റിസർച്ചേഴ്സ് ഫെലോഷിപ്പ് പ്രോഗ്രാം എന്നുകൂടി അറിയപ്പെടുന്ന ഫെലോഷിപ്പിലേക്ക് അവികസിത രാജ്യങ്ങളിലുള്ളവർക്കും സ്ത്രീകൾക്കുമാണ് മുൻഗണന. നാല്പതു വയസിൽ താഴെയുള്ള ഗവേഷണത്തിന് കഴിവും താത്പര്യവും വിദേശ സ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാം. ഇന്ത്യയിൽ നിന്ന് രണ്ടുപേരെ തിരഞ്ഞെടുത്തയയ്ക്കണമെന്ന് യുനെസ്കോ അപേക്ഷിച്ചിട്ടുണ്ട്. 2012 ജനുവരി 13 നകമാണ് അയക്കേണ്ടത്. ഇതിനായി അപേക്ഷകൾ അയച്ചുകൊടുക്കേണ്ടത് ഇന്ത്യൻ നാഷണൽ കമ്മിഷൻ ഫോർ കോ – ഓപ്പറേഷൻ വിത്ത് യുനെസ്കോയ്ക്കാണ് ( ഐ. എൻ. സി. സി. യു) വിലാസം: Sneh Lata, Section officer (uu) Room No 203 C Wing, Sastri Bhavan, New Delhi 110115. Telefax: 2338442

വിശദവിവരങ്ങൾ യുനെസ്കോയുടെ വെബ്സൈറ്റായ wwwUnesco.orgൽ നിന്ന് ലഭിക്കും.

# കോഴ്സുകൾ

## സ്വാശ്രയ എൻജിനിയറിംഗ് പ്രവേശന പരീക്ഷ മാറ്റി

കൊച്ചി: കേരള സ്വാശ്രയ എൻജിനിയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ ബി.ടെക് മാനേജ്മെന്റ് സീറ്റുകളിലേക്ക് സെപ്തംബർ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന പ്രവേശന പരീക്ഷ സെപ്തംബർ 18–ലേക്കു മാറ്റി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി സെപ്തംബർ 12 വരെ നീട്ടിയതായും അസോസിയേഷൻ സെക്രട്ടറി അറിയിച്ചു. വിവരങ്ങൾക്ക് www.ksfecma.com എന്ന വെബ്സൈറ്റിലോ 94464 77126 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാം.

## വിദ്യാപീഠത്തിൽ സംസ്കൃതം ടി.ടി.സിക്ക് സീറ്റ് ഒഴിവ്

ശ്രീശങ്കര സംസ്കൃത വിദ്യാപീഠത്തിൽ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന സംസ്കൃതം ടി.ടി.സി കോഴ്സിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. എസ്.എസ്.എൽ.സി പാസായവർക്ക് പ്രാക് – ശാസ്ത്രി (സംസ്കൃതം ടി.ടി.സി) കോഴ്സിനും പ്രാക്-ശാസ്ത്രി പാസായവർക്ക് ശാസ്ത്രി കോഴ്സിനും ശാസ്ത്രി പാസായവർക്ക് ആചാര്യ കോഴ്സിനും ചേരാവുന്നതാണ്. എസ്.സി/സി.ടി വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റും സ്റ്റൈപെന്റും ലഭിക്കും. അപേക്ഷാഫാറം സെപ്തംബർ 6 വരെ വിദ്യാപീഠം ഓഫീസിൽ നിന്ന് നേരിട്ട് ലഭിക്കും. തപാലിൽ ലഭിക്കേണ്ടവർ പ്രിൻസിപ്പൽ, ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം – 01 (ഫോൺ : 0471 – 6451055, 6451255, 9400330306), ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, എച്ച്. ഒ. ഹീരാ ഹെവൻ, ഉള്ളൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം – 695 011, (ഫോൺ : 0471 – 2440259, 9387745111) ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം ഇടയ്ക്കടം പി.ഒ., കൊട്ടാരക്കര, കൊല്ലം. (ഫോൺ : 93873844785), ശ്രീശങ്കര സംസ്കൃത വിദ്യാപീഠം, പൂനെല്ലിസൽ കോംപ്ളക്സ് , മാനന്തവാടി, വയനാട് ജില്ല, (ഫോൺ : 9497756230), ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, കോട്ടക്കുന്ന്, സുൽത്താൻ ബത്തേരി, വയനാട് ജില്ല (ഫോൺ : 04936 222429, 9745617229) എന്നീ വിലാസങ്ങളിൽ ബന്ധപ്പെടണം.

## എൽഎൽ.ബി പരീക്ഷാഫീസടയ്ക്കാം

തിരുവനന്തപുരം ഗവൺമെൻറ് ലോ കോളേജിലെ പഞ്ചവത്സര എൽ.എൽ.ബി. വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷാഫീസായ 420 രൂപ സെപ്തംബർ അഞ്ചിന് കോളേജ് ഓഫീസിൽ സ്വീകരിക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

# നിയമനങ്ങൾ

## അസിസ്റ്റന്റ് ഡയറക്ടർ

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ജോയിന്റ് സെക്രട്ടറി എം. സന്തോഷ് കുമാറിനെ തൃശൂർ പൊലീസ് അക്കാഡമിയിൽ അസിസ്റ്റന്റ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ നിയമിച്ചു.

## അഡിഷണൽ സെക്രട്ടറി

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അഡിഷണൽ സെക്രട്ടറിയായി ജി. അശോക കുമാറിനെ കൃഷി (എ.എച്ച്) വകുപ്പിലും ജി. പുഷ്പകുമാരിയെ തദ്ദേശഭരണവകുപ്പിലും നിയമിച്ചു.

## അസോസിയേറ്റ് ഫെലോ

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അഡിഷണൽ സെക്രട്ടറി എൻ. മോഹനനാഥ ബാബുവിനെ ഐ.എം.ജിയിൽ അസോസിയേറ്റ് ഫെലോയായി ഡെപ്യൂട്ടേഷനിൽ നിയമിച്ചു.

## അണ്ടർ സെക്രട്ടറി

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറിയായി ഉദ്യോഗക്കയറ്റം ലഭിച്ച കെ.പി. ഉണ്ണിക്കൃഷ്ണൻ നായരെ പൊതുഭരണം (എസ്.സി) വകുപ്പിലും പി. സ്നേഹലതയെ തൊഴിൽ പുനരധിവാസ വകുപ്പിലും നിയമിച്ചു.

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറിയായി സി. വത്സലയെ ഫിഷറീസ് വകുപ്പിലും പി.ആർ. പത്മനാഭനെ പൊതുവിദ്യാഭ്യാസ വകുപ്പിലും എ. പത്മവല്ലിയെ പരിസ്ഥിതി വകുപ്പിലും നിയമിച്ചു.

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറി എസ്. വർഗീസിനെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽ ഡെപ്യൂട്ടേഷനിൽ മാറ്റി നിയമിച്ചു.

## ഡെപ്യൂട്ടി സെക്രട്ടറി

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടി സെക്രട്ടറി വി.എസ്. സുകേഷ് കുമാറിനെ തദ്ദേശഭരണ വകുപ്പിലും സി.ജി. പ്രദീപ് കുമാറിനെ വനം വന്യജീവി വകുപ്പിലും മാറ്റി നിയമിച്ചു.

## ഡെപ്യൂട്ടി രജിസ്ട്രാർ

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറി എ.കെ. മോഹനകുമാറിനെ തിരുവനന്തപുരത്ത് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഡെപ്യൂട്ടി രജിസ്ട്രാറായി ഡെപ്യൂട്ടേഷനിൽ നിയമിച്ചു.

# കണ്ണൂർ യൂണിവേഴ്സിറ്റി

## പരീക്ഷാഫലം

ബി.എഡ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ധർമ്മശാല ബി.എഡ് സെന്ററിലെ അശ്വിനി കെ.കെ, അപർണാദേവി എം എന്നിവർ യഥാക്രമം ഒന്നും രണ്ടും റാങ്കു കരസ്ഥമാക്കി. മാനന്തവാടി ബി.എഡ് സെന്ററിലെ ധന്യ കെ.സി, ശ്രീജ എം.എൽ എന്നിവർ മൂന്നാം റാങ്കും പങ്കിട്ടു.

## പരീക്ഷ

ആഗസ്റ്റ് 31ന് നടക്കേണ്ടിയിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി (ഐ.എച്ച്.ആർ.ഡി) പേപ്പർ **MET 203 (Power Electronics)** പരീക്ഷ സെപ്തംബർ 7ന് നടക്കും.

## പ്രായോഗിക പരീക്ഷ

നാലാം സെമസ്റ്റർ ബി.എസ്‌സി ജിയോളജി പ്രായോഗിക പരീക്ഷ സെപ്തംബർ 15ന് (കോംപ്ലിമെന്ററി) പെരളയിലെ നളന്ദ ആർട്സ് ആൻഡ് സയൻസ് കോളേജിലും സെപ്തംബർ 20ന് (കോർ) കാസർകോട് ഗവ. കോളേജിൽവച്ചും നടത്തും

# ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതിയിൽ കുടുംബശ്രീ, ജനശ്രീ അംഗങ്ങളും

സർക്കാർ ജീവനക്കാർ അംഗങ്ങളായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ കുടുംബശ്രീ, ജനശ്രീ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്ന് ധന, നിയമമന്ത്രി കെ.എം. മാണി പറഞ്ഞു.

ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയശേഷമുള്ള ആദ്യത്തെ നഷ്ടപരിഹാര തുകയായ 8 ലക്ഷം രൂപയുടെ ചെക്ക് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ ഉണ്ടായ അപകടത്തിൽ മരിച്ച കെ.എസ്. മുരളികുമാറിന്റെ മകൾ ആറ്റിങ്ങൽ അവനവൻഞ്ചേരി വീണ നിവാസിൽ എം.ഐ. വീണയ്ക്ക് മന്ത്രി കൈമാറി.

പദ്ധതിയിൽ സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയതായി മന്ത്രി അറിയിച്ചു. സേവന നികുതി ഉൾപ്പെടെ 100 രൂപയാണ് വാർഷിക പ്രീമിയമായി സർക്കാർ ഈടാക്കുന്നത്. 1,10,000 ജീവനക്കാർ അംഗങ്ങളാണ്. അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 8 ലക്ഷവും സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്നവർക്ക് 4 ലക്ഷവും ലഭിക്കും.

നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കി ക്ളെയിം കൃത്യസമയത്ത് നൽകുമെന്ന് മന്ത്രി മാണി പറഞ്ഞു.

# തിരുവനന്തപുരം

## നഴ്സിംഗ് കോഴ്സിന് ബോണ്ട് : കർശന നടപടി സ്വീകരിക്കും

സർക്കാർ ഉത്തരവ് പ്രകാരം ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സിന് 2010–11 അഡ്മിഷൻ മുതൽ ബോണ്ട് വ്യവസ്ഥ നിറുത്തലാക്കി. എന്നാൽ ചില സ്ഥാപനങ്ങൾ വിദ്യാർത്ഥികളോട് ബോണ്ട് വ്യവസ്ഥ നിഷ്കർഷിക്കുന്നതായി കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

## തുക അനുവദിച്ചു

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന വികസനത്തിനുള്ള സെപ്തംബറിലെ ബഡ്ജറ്റ് വിഹിതവും ആറാം ഗഡുവുമായി 49,33,99,999 രൂപ അനുവദിച്ച് ഉത്തരവായി.

## റോഡ് നവീകരണത്തിന് 14 കോടി

റോഡ് നവീകരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ 17 ബ്ലോക്ക് പഞ്ചായത്തുകൾക്കും 12 മുനിസിപ്പാലിറ്റികൾക്കുമുള്ള ബഡ്ജറ്റ് വിഹിതമായി 14,43,81,000 രൂപ അനുവദിച്ച് ഉത്തരവായി.

## ബോണസും അലവൻസും അനുവദിച്ചു

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും സർക്കാർ ജീവനക്കാരുടെ അതേ നിരക്കിൽ അഡ്ഹോക്ക് ബോണസ്/സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്/അഡ്വാൻസ് എന്നിവ നൽകുന്നതിന് സർക്കാർ അനുവാദം നൽകി ഉത്തരവായി. ഇതനുസരിച്ച് തുക വിതരണം ചെയ്യുന്നതിന് ബോർഡിന്റെ എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകി.

## ഉത്രാട കിഴി

കൊച്ചി രാജവംശജരായ കുടുംബങ്ങൾക്ക് ഉത്രാട കിഴിയായി ഓരോ കുടുംബത്തിനും ആയിരം രൂപ വീതം നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി എക്സൈസ്-തുറമുഖ മന്ത്രി കെ. ബാബു അറിയിച്ചു. ഇതുവരെ ഓരോ കുടുംബത്തിനും പതിനഞ്ചു രൂപയാണ് ഉത്രാട കിഴിയായി നൽകിയിരുന്നത്. ഈ ആനുകൂല്യത്തിന് 66 കുടുംബങ്ങൾക്കാണ് അർഹതയുള്ളത്.

## കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ വിതരണം

കെ.എസ്.ആർ.ടി.സിയിലെ ഈ മാസത്തെ പെൻഷനും ഉത്സവബത്തയും ഇന്നുമുതൽ വിതരണം ചെയ്യും.

## ഹയർ സെക്കൻഡറിക്ക് അധിക ബാച്ചുകൾ

സർക്കാർ / എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചതിൽ ഭേദഗതി വരുത്തി ഉത്തരവായി. ഇതനുസരിച്ച് ഏഴ് സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും 25 എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും അനുവദിച്ച സബ്ജക്ട് കോമ്പിനേഷനുകളെക്കാൾ സാമ്പത്തിക ബാദ്ധ്യത കുറവായിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി കോമ്പിനേഷൻ മാറ്റം നൽകിയാണ് ഉത്തരവ്. പട്ടികജാതി വിഭാഗത്തിന്റെ മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ ചെമ്പകശ്ശേരി ഹയർ സെക്കൻഡറി സ്കൂളിൽ അനുവദിച്ച സബ്ജക്റ്റ് കോമ്പിനേഷനായ ഹ്യുമാനിറ്റീസ് (10), കോമേഴ്സ് (39) ആയി മാറ്റം അനുവദിച്ചും ഉത്തരവായി.

## രണ്ടു പാസഞ്ചർ ട്രെയിനുകൾ റദ്ദാക്കി

ഓച്ചിറയ്ക്കും കായംകുളത്തിനുമിടയ്ക്ക് റെയിൽവേ പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെ രണ്ടു ട്രെയിനുകൾ പൂർണമായും രണ്ടെണ്ണം ഭാഗികമായും സർവ്വീസ് നടത്തില്ലെന്ന് സതേൺ റെയിൽവേ വാർത്തക്കുറിപ്പിൽ അറിയിച്ചു.

രാവിലെ 7.45ന് കൊല്ലത്തു നിന്ന് പുറപ്പെടുന്ന കൊല്ലം- കോട്ടയം പാസഞ്ചർ, കോട്ടയത്തു നിന്ന് പുറപ്പെടുന്ന കോട്ടയം- എറണാകുളം പാസഞ്ചർ എന്നീ ട്രെയിനുകൾ സർവ്വീസ് നടത്തില്ല. എറണാകുളം– കോട്ടയം– കായംകുളം പാസഞ്ചർ നാഗർകോവിൽ ജംഗ്ഷൻ– കോട്ടയം പാസഞ്ചർ ട്രെയിൻ എന്നിവയാണ് ഭാഗികമായി സർവീസ് ക്യാൻസൽ ചെയ്തത്.

## സ്പെഷ്യൽ അലവൻസ്

ബോർഡ് / കോർപ്പറേഷൻ, മറ്റ് സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഡെപ്യൂട്ടേഷനിൽ ജോലിനോക്കുന്ന ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് 25–3–2006ലെ ജി.ഒ (പി) നം. 145 / 2006 / ഫിൻ അനുസരിച്ച് സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടെന്ന് വ്യക്തമാക്കി ഉത്തരവായി. 2006 മാർച്ച് ഒന്നുമുതൽ പ്രാബല്യമുണ്ടാവും.

## പാൽ ഗുണനിലവാരപരിശോധന

ക്ഷീരവികസനവകുപ്പ് ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് പരിശോധന തുടങ്ങി.

# പി.ടി.എ, ഹയർ സെക്കൻഡറി അവാർഡുകൾ പ്രഖ്യാപിച്ചു

2010–11 വർഷത്തെ അദ്ധ്യാപക രക്ഷാകർതൃ സമിതി (പി.ടി.എ) അവാർഡുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപക അവാർഡുകളും പ്രഖ്യാപിച്ചു.

വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപക അവാർഡിന്, കൊല്ലം മേഖലയിൽ നിന്ന് എ.കെ. സന്തോഷ് ബേബി (വൊക്കേഷണൽ ടീച്ചർ ഇൻ എം.ആർ.ആർ.ടി.വി, സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ചൊവ്വല്ലൂർ) അർഹനായി. ചെങ്ങന്നൂർ മേഖലയിൽ നിന്ന് റോയ് വർഗീസും (നോൺ വൊക്കേഷണൽ ടീച്ചർ ഇൻ കെമിസ്ട്രി, എസ്.എൻ.വി.എച്ച്.എസ്.എസ്, അങ്ങാടിക്കല സൗത്ത് പത്തനംതിട്ട), തൃശ്ശൂർ മേഖലയിൽ നിന്ന് കെ.കെ. രവീന്ദ്രനും (വൊക്കേഷണൽ ടീച്ചർ ഇൻ എസ് ആൻഡ് എ, എസ്.എൻ.വി.വി എച്ച്.എസ് ആളൂർ) അർഹരായി.

വടകര മേഖലയിൽ നിന്ന് കെ. പ്രസീദ് കുമാറും (നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഫൗണ്ടേഷൻ കോഴ്സ്, ജെ.ഡി.ടി ഇസ്ലാം വി.എച്ച്.എസ്.എസ് കോഴിക്കോട്) പയ്യന്നൂർ മേഖലയിൽ നിന്ന് എ.പി. ജീവനും (കടവത്തൂർ വി.എച്ച്.എസ്.എസ് കണ്ണൂർ) അവാർഡിന് അർഹരായി. അയ്യായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. എറണാകുളം, കുറ്റിപ്പുറം മേഖലകളിൽ നിന്ന് അവാർഡിനായി നാമനിർദ്ദേശങ്ങളൊന്നും ലഭിച്ചിരുന്നില്ലെന്ന് അവാർഡുകൾ പ്രഖ്യാപിച്ച വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രൈമറി വിഭാഗത്തിലും സെക്കൻഡറി വിഭാഗത്തിലും അഞ്ച് വീതം പി.ടി എൻട്രികളാണ് അവാർഡുകൾക്ക് ലഭിച്ചത്. പ്രൈമറി വിഭാഗത്തിൽ തിരുവനന്തപുരം മണക്കാട്, ഗവൺമെന്റ് ടി.ടി.ഐയും സെക്കൻഡറി തലത്തിൽ സെന്റ് മേരീസ് എച്ച്.എസ്.എസ് വെള്ളാരംകുന്ന് ഇടുക്കിയും ഒന്നാം സ്ഥാനം നേടി. രണ്ടരലക്ഷം രൂപയും സി.എച്ച്. മുഹമ്മദ്കോയ എവർ റോളിംഗ് ട്രോഫിയും അടങ്ങുന്നതാണ് അവാർഡ്. ബി.ഇ.എം.യു.പി എസ് പുതിയറ കോഴിക്കോട്, ഗവൺമെന്റ് യു.പി.എസ് വാരമ്പറ്റ് വയനാട്, ജി.എം.എൽ.പി.എസ് പെരിന്തൽമണ്ണ സെൻട്രൽ മലപ്പുറം, ഗവൺമെന്റ് എസ്.എൻ.ഡി.പി. യു.പി.എസ് പട്ടത്താനം, കൊല്ലം എന്നീ സ്കൂളുകൾ പ്രൈമറിതലത്തിൽ യഥാക്രമം രണ്ട് മുതൽ അഞ്ച് വരെയുള്ള സ്ഥാനം കരസ്ഥമാക്കി.

ജി.എച്ച്.എസ്.എസ് ഉദിനൂർ കാസർകോട്, സെന്റ് ഗൊരേറ്റി എച്ച്.എസ്.എസ് കൊല്ലം, ജി.എച്ച്.എസ് എസ് വെള്ളനാട് തിരുവനന്തപുരം, സെന്റ് തോമസ് എച്ച്.എസ്.എസ് കോഴഞ്ചേരി പത്തനംതിട്ട സ്കൂളുകൾ സെക്കൻഡറിതലത്തിൽ യഥാക്രമം രണ്ട് മുതൽ അഞ്ച് വരെയുള്ള സ്ഥാനം നേടി. ഈ വർഷംമുതൽ പി.ടി.എ അവാർഡ് തുകയിൽ ഗണ്യമായ വർദ്ധന വരുത്തിയിട്ടുണ്ട്. രണ്ട് മുതൽ അഞ്ച്‌വരെയുള്ള സ്ഥാനക്കാർക്ക് യഥാക്രമം 2,00,000, 1,50,000, 1,00,000, 50,000 രൂപവീതമാണ് ലഭിക്കുക. പി.ടി.എ അവാർഡും, വൊക്കേഷണൽ ഹയർസെക്കൻഡറി അവാർഡും അദ്ധ്യാപകദിനമായ സെപ്തംബർ അഞ്ചിന് മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നടക്കുന്ന ചടങ്ങിൽ വിതരണംചെയ്യും.

വിദ്യാർത്ഥി പ്രവേശനം, സ്കൂൾ സൗന്ദര്യവത്കരണം, അക്കാഡമിക് രംഗത്തെ ഇടപെടലുകൾ, ശുചിത്വം, സംഘടനാ സംവിധാനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ രൂപപ്പെടുത്തൽ തുടങ്ങിയവയാണ് പി.ടി.എകളുടെ തിരഞ്ഞെടുപ്പിന് പരിഗണിച്ചത്.

# ബി.പി.എൽ കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരി

സെപ്തംബറിലെ റേഷൻ പ്രകാരം ബി.പി.എൽ കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരിക്കും രണ്ടു രൂപ നിരക്കിൽ ഏഴ് കിലോ ഗോതമ്പിനും അർഹത ഉണ്ടാവും. എ.പി.എൽ കാർഡുടമകൾക്ക് കിലോക്ക് 8.90 നിരക്കിൽ പരമാവധി 12 കിലോ വരെ അരിയും 6.70 നിരക്കിൽ മൂന്ന് കിലോ വരെ ഗോതമ്പും ലഭിക്കും. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്കും മേൽപ്പറഞ്ഞ അളവിൽ അരിക്കും ഗോതമ്പിനും അർഹതയുണ്ട്. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കിലോ അരി ലഭിക്കും. അന്നപൂർണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യം. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അഞ്ച് ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടുകൾക്ക് 1.5 ലിറ്റർ മണ്ണെണ്ണയും പ്രതിമാസം 14.50 മുതൽ 15 വരെ നിരക്കിൽ ലഭിക്കും.

കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ/ എ.എ.വൈ വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും ലഭിക്കും. എല്ലാ വിഭാഗം കാർഡുടമകൾക്കും കിലോഗ്രാമിന് 13.50 നിരക്കിൽ ഒരു കിലോ സ്പെഷ്യൽ പഞ്ചസാര ഓണം പ്രമാണിച്ച് ലഭിക്കും. എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് 12 രൂപ നിരക്കിൽ കാർഡൊന്നിന് 2 കിലോ ആട്ട പ്രതിമാസം ലഭിക്കും. എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് 12.70 നിരക്കിലുള്ള അരിയും 9.20 നിരക്കിലുള്ള ഗോതമ്പും സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് ലഭിക്കും. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി അവർക്കർഹതപ്പെട്ട വിഹിതം ഭക്ഷ്യധാന്യങ്ങൾ ലഭിക്കും. പരാതി ഉണ്ടെങ്കിൽ 1800–425–1550 ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെട്ട ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലോ അറിയിക്കണം.

# പൊന്നാനി തുറമുഖ വികസനത്തിന് അംഗീകാരം

പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട് ലിമിറ്റഡുമായി സർക്കാർ ഏർപ്പെടേണ്ട കൺസഷൻ എഗ്രിമെന്റിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതായി തുറമുഖ മന്ത്രി കെ. ബാബു അറിയിച്ചു. സർക്കാരിനുവേണ്ടി മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി കൺസഷൻ എഗ്രിമെന്റ് നിർവഹണ നടപടികൾക്കായി തുറമുഖ സെക്രട്ടറിയെ ചുമതലപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ബി.ഒ.ടി അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഓൾ വെതർ തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനും സ്വന്തം ചെലവിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിനെ അനുവദിക്കുന്നതിനും 2008 ൽ ഉത്തരവായിരുന്നു. സ്വകാര്യ നിക്ഷേപകരെ ഗ്ളോബൽ ടെണ്ടറിലൂടെ കണ്ടെത്തുന്നതിന് സ്വിസ് ചലഞ്ച് മാതൃക സ്വീകരിക്കാനും തീരുമാനമായിരുന്നു. ഇപ്രകാരം തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ആഗോള ടെണ്ടർ ക്ഷണിച്ചിരുന്നു.

## വിക്ടേഴ്സിൽ മിസ് ബീറ്റീസ് ചിൽഡ്രൻ

പമേലാ റൂക്സ് സംവിധാനം ചെയ്ത മിസ് ബീറ്റീസ് ചിൽഡ്രൻ ഐ.ടി ദ സ്കൂൾ വിക്ടേഴ്സിൽ ഇന്ത്യൻ ക്ലാസിക് ചലച്ചിത്രങ്ങളുടെ വിഭാഗത്തിൽ സെപ്തംബർ മൂന്നിന് രാത്രി 8.30ന് സംപ്രേഷണം ചെയ്യും.

# എം. ജി. യൂണിവേഴ്സിറ്റി

## എസ്.എം.ഇ: യു.ജി അഡ്മിഷൻ കൗൺസലിംഗ്

യൂണിവേഴ്സിറ്റി കോളേജ് ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ നടത്തുന്നവിവിധ പ്രൊഫഷണൽ യു.ജി കോഴ്സുകളിലേക്ക് വിവിധ സെന്ററുകളിൽ എൽ.ബി.എസ് മുഖേന 2011–12 വർഷത്തെ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി സെപ്തംബർ 14 ന് യൂണിവേഴ്സിറ്റി കോളജ് ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ കോട്ടയം ഗാന്ധിനഗറിലുള്ള ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. ഫോൺ: 04812598356

## പരീക്ഷാഫലം

2011 മേയിൽ നടത്തിയ എം.എ മൃദംഗം പ്രീവിയസ് ആൻഡ് ഫൈനൽ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ നവീൻ നാരായണൻ (1008) ഒന്നാം റാങ്കു നേടി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 26 വരെ അപേക്ഷിക്കാം.

2011 ഏപ്രിലിൽ നടത്തിയ ഒന്നും, മൂന്നും സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 23 വരെ അപേക്ഷിക്കാം.

## സ്കൂൾ ഒഫ് ഗാന്ധിയൻ തോട്ടിൽ സീറ്റ് ഒഴിവ്

സ്കൂൾ ഒഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിൽ എം.എ ഗാന്ധിയൻ സ്റ്റഡീസിലേക്കും ഡെവലപ്മെന്റ് സ്റ്റഡീസിലേക്കും എസ്.സി/എസ്.ടി ഉൾപ്പടെയുള്ള വിഭാഗങ്ങൾക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്തംബർ 14 നകം ഓഫീസിൽ ഹാജരാകണം. ഫോൺ : 0481 2731039.

# കാലിക്കറ്റ് യൂണിവേഴ്സിറ്റി

## വാക്–ഇൻ ഇന്റർവ്യൂ

കോഴിക്കോട്, വടകര, തൃശൂർ, പാലക്കാട്, കുറ്റിപ്പുറം കേന്ദ്രങ്ങളിലെ എം.ബി.എ (സ്വാശ്രയ) കോഴ്സിന് കരാർ അടിസ്ഥാനത്തിൽ ലക്ചറർമാരെ നിയമിക്കുന്നതിനായി സെപ്തംബർ അഞ്ചിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. യോഗ്യത: 1. ഒന്നാം ക്ലാസോടെയുള്ള എം.ബി.എ, 2. ബന്ധപ്പെട്ട വിഷയത്തിൽ നെറ്റ്, 3.സി.എ/ഐസിഡബ്ലിയുഎ/എസിഎസ് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. വേതനം: നെറ്റ് യോഗ്യതയുള്ളവർക്ക് പ്രതിമാസ മൊത്തവേതനം 12000 രൂപ, ഒന്നാം ക്ലാസ് എം.ബി.എ യോഗ്യത മാത്രമുള്ളവർക്ക് 10000 രൂപ. സി.എ/ഐസിഡബ്ലിയു/എസിഎസ് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി യോഗ്യതയുള്ളവർക്ക് പ്രതിമാസം 1000 രൂപ അധിക വേതനം ലഭിക്കും. നിശ്ചിത യോഗ്യതയുള്ള 70 വയസിൽ താഴെയുള്ള വിരമിച്ചവരെയും പരിഗണിക്കും. താത്പര്യമുള്ളവർ വയസ്, യോഗ്യത, പരിചയം, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അന്നേദിവസം ഉച്ചയ്ക്ക് രണ്ടിന് സർവകലാശാല ഭരണ വിഭാഗം ഓഫീസിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

ജൂലായിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് സി.സി.എസ്. എസ് നാലാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ.

ജൂലായിൽ നടത്തിയ എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി നാലാം സെമസ്റ്റർ സി.സി.എസ്.എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ.

ജൂലായിൽ നടത്തിയ എം.എ സാൻസ്ക്രിറ്റ് രണ്ട്, നാല് സെമസ്റ്റർ സിസിഎസ്എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ.

ജൂണിൽ നടത്തിയ ബി.ഫാം രണ്ടാം വർഷ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ. പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് സെപ്തംബർ 16 വരെ അപേക്ഷിക്കാം.

2010 മാർച്ച്, ഒക്ടോബർ, മാസങ്ങളിൽ നടത്തിയ എം.ടി.എ മൂന്ന്, നാല് സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് സെപ്തംബർ 16 വരെ അപേക്ഷിക്കാം.

# കേരള യൂണിവേഴ്സിറ്റി

## ബി.എ/ ബി.എസ്‌സി/ബി.കോം ടൈംടേബിൾ

സെപ്തംബർ/ഒക്ടോബറിൽ നടത്തുന്ന ബി.എ (പാർട്ട് III), ബി.എ അഫ്സൽ- ഉൽ-ഉലമ (പാർട്ട് III), വിദൂരപഠന ബി.കോം (ത്രീ മെയിൻ), ബി.കോം (പാർട്ട് III), ബി.എസ്‌സി (പാർട്ട് III) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാ കേന്ദ്രങ്ങളിലും ലഭിക്കും.

## എം.കോം (ഐ.ഡി.ഇ) വൈവ

വിദൂരവിദ്യാഭ്യാസകേന്ദ്രം ആഗസ്റ്റിൽ നടത്തിയ എം.കോം ഫൈനൽ പരീക്ഷയുടെ വൈവ സെപ്തംബർ 20 മുതൽ കൊല്ലം എസ്.എൻ കോളേജിലും, 22 മുതൽ കാര്യവട്ടം ഐ.ഡി.ഇയിലും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എ ഹിസ്റ്ററി (ഐ.ഡി.ഇ) വൈവ

സെപ്തംബർ 19ന് തുടങ്ങുന്ന എം.എ ഹിസ്റ്ററി (ഐ.ഡി.ഇ) ഫൈനൽ വൈവ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

## എൽഎൽ.ബി പരീക്ഷ

സെപ്തംബർ 26ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എൽഎൽ.ബി (പഞ്ചവത്സരം) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്തംബർ 12 (50 രൂപ പിഴയോടെ സെപ്തംബർ 14, 250 രൂപ പിഴയോടെ സെപ്തംബർ 16) വരെ അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസും അടയ്ക്കണം.

## രണ്ടാംവർഷ ബി.ഫാം പരീക്ഷ

സെപ്തംബർ 28ന് തുടങ്ങുന്ന രണ്ടാംവർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്തംബർ 12 (50 രൂപ പിഴയോടെ സെപ്തംബർ 14, 250 രൂപ പിഴയോടെ സെപ്തംബർ 16) വരെ അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 300 രൂപ സി.വി ക്യാമ്പ് ഫീസും അടയ്ക്കണം.

## എം.ഡി.എസ് പാർട്ട് രണ്ട് തീസിസ് സമർപ്പിക്കണം

ഡിസംബറിൽ നടത്തുന്ന എം.ഡി.എസ് പാർട്ട് രണ്ട് പരീക്ഷയ്ക്ക് തീസിസ് ഒക്ടോബർ മൂന്ന് വരെ സമർപ്പിക്കാം.

# ലോട്ടറി മാഫിയയെ നിലയ്ക്കുനിർത്തും: ഉമ്മൻചാണ്ടി

തിരുവനന്തപുരം:ലോട്ടറി മാഫിയയെ എവിടെ നിർത്തണമെന്ന് യു.ഡി. എഫ് സർക്കാരിനറിയാമെന്നും ജനങ്ങളെ കൊള്ളയടിക്കാൻ ലോട്ടറി മാഫിയയെ അനുവദിക്കില്ലെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ പ്രതിവാര ലോട്ടറികൾ പുനരാരംഭിക്കുന്നതിന്റെയും പുതിയകാരുണ്യ ലോട്ടറിയുടെ പ്രകാശനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കാരുണ്യ ലോട്ടറി മുഖ്യമന്ത്രിയിൽ നിന്ന് ധനമന്ത്രി കെ. എം. മാണി ഏറ്റുവാങ്ങി.

കാരുണ്യ ലോട്ടറിയിൽ നിന്ന് ലാഭമായി ലഭിക്കുന്ന 60 കോടി രൂപ മാരകരോഗങ്ങൾ മൂലം ദുരിതം അനുഭവിക്കുന്നവർക്ക് ചികിത്സാ സഹായമായി നൽകുമെന്ന് കെ. എം. മാണി പറഞ്ഞു.

മന്ത്രി വി. എസ്. ശിവകുമാർ അദ്ധ്യക്ഷനായിരുന്നു. മേയർ കെ.ചന്ദ്രിക, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി.നായർ, കൗൺസിലർ ഉഷാ സതീഷ്, എം.വി.ജയരാജൻ, ഫിലിപ്പ് ജോസഫ്, വി.ബാലൻ, ഭാഗ്യക്കുറി ഡയറക്ടർ ബിജു പ്രഭാകർ എന്നിവർ സംബന്ധിച്ചു. പ്രതീക്ഷ, വിൻവിൻ, അക്ഷയ, ഭാഗ്യനിധി, പൗർണമി, ധനശ്രീ എന്നീ പ്രതിവാര ഭാഗ്യക്കുറികളാണ് വീണ്ടും വിൽപ്പന ആരംഭിക്കുന്നത്.

*ഗാന്ധിപാർക്കിൽ നടന്ന കേരള സംസ്ഥാന പ്രതിവാര ഭാഗ്യക്കുറിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന കാരുണ്യ ഭാഗ്യക്കുറിയുടെ ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ധനമന്ത്രി കെ.എം. മാണിക്ക് നൽകി നിർവഹിക്കുന്നു.*

# പഞ്ചായത്ത് പൗരാവകാശ രേഖാപ്രകാശനം തിങ്കളാഴ്ച

തിരുവനന്തപുരം:പഞ്ചായത്തുകളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഉൾപ്പെടുത്തിയുള്ള പൗരാവകാശ രേഖ തിങ്കളാഴ്ച തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രകാശനം ചെയ്യും. നൂറുദിന പരിപാടി അനുസരിച്ചാണിത്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുൾപ്പെടെയുള്ള സേവനങ്ങൾ സംബന്ധിച്ച എല്ലാ രേഖകളും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരവും അവരുടെ ഫോൺ നമ്പരും രേഖയിലുണ്ടാവും. ഭരണം കൂടുതൽ കാര്യക്ഷമമാക്കാനാണ് ഈ രേഖയെന്ന് പഞ്ചായത്ത് വകുപ്പ് മന്ത്രി എം.കെ. മുനീർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

978 പഞ്ചായത്ത് പ്രസിഡന്റുമാർക്കും, അത്രയും സെക്രട്ടറിമാർക്കും 14 ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർക്കും മൊബൈൽ ഫോൺ നൽകും. പൊതുജനങ്ങൾക്കും ഏതുസമയത്തും ഈ ഫോണിൽ വിളിക്കാം. പഞ്ചായത്തു സെക്രട്ടറിമാരുടെ തസ്തിക ഏകീകരിക്കലും അംഗങ്ങളുടെ ഹോണറേറിയം വർദ്ധിപ്പിക്കലും ഉടൻ നടത്തും. പഞ്ചായത്തുകൾക്ക് 50 വയസു തികയുന്നതിനോടനുബന്ധിച്ച് ഫെബ്രുവരി 17ന് വിപുലമായ ആഘോഷ പരിപാടികൾ നടത്തുമെന്നും മുനീർ പറഞ്ഞു.

## വിദ്യാഭ്യാസ പാക്കേജിൽ അടിസ്ഥാനമാറ്റങ്ങളില്ല: മന്ത്രി

തിരുവനന്തപുരം: വിദ്യാഭ്യാസ പാക്കേജിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകും. എന്നാൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാവില്ല. സ്വാശ്രയ എൻജിനിയറിംഗ് മാനേജുമെന്റുകൾക്ക് പ്രവേശന പരീക്ഷ നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടില്ലെന്നും വിദ്യാഭ്യാസ മന്ത്രി പി.കെ അബ്ദുറബ്ബ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

# നാലേക്കർ വരെ ഉപാധിരഹിത പട്ടയം: മന്ത്രി തിരുവഞ്ചൂർ

കട്ടപ്പന: ഇടുക്കിയിലെ കർഷകർക്ക് നാല് ഏക്കർ വരെയുള്ള ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകുമെന്ന് റവന്യുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഇപ്പോൾ ഒരേക്കർ ഭൂമിക്കാണ് പട്ടയം അനുവദിക്കുന്നത്. തലമുറകളായി അനുഭവിച്ചുവരുന്ന ഭൂമിയിൽ ഒരേക്കറിന് മാത്രം പട്ടയം നൽകുന്നത് പൂർണമാകില്ല. ഇക്കാര്യത്തിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമം കൊണ്ടുവരും–മന്ത്രി പറഞ്ഞു.

അട്ടപ്പാടിയിലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുപിടിക്കുകയാണ് സർക്കാരിൻെറ അടുത്ത ലക്ഷ്യമെന്ന് റവന്യൂമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ആദിവാസി ഭൂമി കൈവശപ്പെടുത്തിയവർ എത്ര ഉന്നതരായാലും അവർക്ക് മറ്റൊരു നിയമമില്ല. ഏത് ഉഗ്രശക്തിയാണെങ്കിലും സഹിഷ്ണുത കാണിക്കില്ല. കട്ടപ്പനയിൽ ജില്ലാതല പട്ടയവിതരണ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

# കായൽ ടൂറിസത്തിന് 400 കോടി

തിരുവനന്തപുരം: ആലപ്പുഴ ജില്ലയിൽ കായൽ ടൂറിസം വികസിപ്പിക്കുന്നതിനായി 400 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി അനിൽകുമാർ അറിയിച്ചു. പദ്ധതിയുടെ ആദ്യഘട്ടമായി 50 ലക്ഷം രൂപ വിനിയോഗിച്ച് പുതിയ കായൽ സഞ്ചാരപഥം രൂപപ്പെടുത്തും. സംസ്ഥാന വിനോദസഞ്ചാര വകുപ്പ് കായൽ ടൂറിസ വികസനത്തിന് കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം രണ്ടുവർഷം കൊണ്ട് പൂർത്തിയാകും. കൂടുതൽ ഹൗസ് ബോട്ട് ജെട്ടികൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കാനും വ്യാപാര വാണിജ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഹൗസ് ബോട്ടുകൾക്ക് പുതിയ റൂട്ടുകൾക്കും പദ്ധതിയിൽ പ്രാധാന്യം നൽകും. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആവിഷ്കരിക്കുന്ന വികസന പദ്ധതിയിൽ വിനോദ സഞ്ചാരികൾക്ക് കലാപരിപാടികൾ ആസ്വദിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തും. അരൂർ മുതൽ കായംകുളം വരെ പുതിയ ഹൗസ് ബോട്ട് റൂട്ട് വരുന്നത് ഈ പ്രദേശങ്ങളിലെ പഞ്ചായത്ത് മുൻസിപ്പൽ സ്ഥാപനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുമെന്നും മന്ത്രി പറഞ്ഞു.